(സി) തൃശ്ശൂർ ഡെപ്യൂട്ടി രജിസ്ട്രാർ ആഫീസിൽ നിന്നും പ്രസ്തുത കേസ് ഇപ്പോൾ തിരുവനന്തപുരം ആർബിട്രേഷൻ, എക്സിക്യൂഷൻ ആൻഡ് ലിക്വിഡേഷൻ രജിസ്ട്രാർ ആഫീസിലേക്ക് മാറ്റിയിരിക്കുകയാണ്. രണ്ട് അവധി കഴിഞ്ഞു.

(ഡി) ഒരു വർഷവും ൻ മാസവും കഴിഞ്ഞു.

## അരിവിതരണം.

൪൯൩. [൨ ൧] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുമാസങ്ങളിൽ തൃശ്ശൂർ പട്ടണത്തിൽ എത്ര പുഴുക്കൽ അരിയും എത്ര പച്ചരിയും വിതരണം ചെയ്തു ;

(ബി) ഈ കാലഘട്ടത്തിൽ ഗവണ്മെൻറ് കൈവശമുണ്ടായിരുന്ന ഓരോയിനം അരിയുടേയും ആകെ തുക എത്ര?

## ഉത്തരം.

(എ) പുഴുക്കലരി, ൨൨,൯൨൭ ചാക്ക് ൩൭ പറ. പച്ചരി, ൩൪,൨൭൭ ചാക്ക്.

(ബി) പുഴുക്കലരി ൨൧൪൪ ൧൨ ചാക്ക്
പച്ചരി ൧൭൪൪൪ ,,
പൊടിയരി ൧൧൩൭൭ ,,

## പാട്ടം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ടുള്ള വസ്തുക്കൾ.

൪൯൪. [൨൪] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൯-ൽ പാട്ടം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് ജന്മികൾ പാട്ടക്കാരുടെ മേൽ എത്ര കേസുകൾ കൊടുത്തിട്ടുണ്ട് ;

(ബി) പാട്ടകൂടുതൽ അനുവദിച്ചുകൊണ്ട് എത്ര വിധികൾ ഉണ്ടായിട്ടുണ്ട് ;

(സി) എത്ര പാട്ടക്കാർ വസ്തു ഒഴിഞ്ഞുകൊടുത്തിട്ടുണ്ട് ;

(ഡി) പാട്ടകൂടുതൽ അനുവദിച്ചുകൊണ്ട് വിധിയുണ്ടാകുമ്പോൾ മുൻപാട്ടം എപ്പോഴായിരുന്നു എന്നുള്ള മാനദണ്ഡം കോടതികൾ അംഗീകരിക്കാറുണ്ടോ ; അന്വേഷിക്കാറുണ്ടോ ;

## ഉത്തരം.

(എ) ൫൭൭.

(ബി) ൧൧൭.

LIBRARY ARCHIVES Kerala Legislative Assembly